ആഭ്യന്തര കടം

128 (395) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം എത്രയായിരുന്നു ;

(ബി) നടപ്പു സാമ്പത്തിക വർഷം 2001 ജനുവരി 31 വരെ ഇത് എത്രയായിട്ടുണ്ട് ;

(സി) വർദ്ധന എത്ര ശതമാനമാണ് ;

(ഡി) ഇങ്ങനെ വർദ്ധിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഇ) നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത റവന്യൂ വരുമാനം എത്രയാണ് ; 2001 ജനുവരി 31 വരെ എത്ര ലഭിച്ചു ; ഇതിൽ വാണിജ്യ നികുതി, കാർഷികാദായ നികുതി,സ്റ്റാംമ്പ് ഡ്യൂട്ടി, എക്സൈസ് നികുതി, ഭാഗ്യക്കുറി എന്നിവയിലൂടെ 2001 ജനുവരി 31 വരെ എത്ര ലഭിച്ചു ;

(എഫ്) ലക്ഷ്യമിട്ടിരുന്നതിൽ നിന്നും കുറവ് ഏതെല്ലാം മേഖലകളിൽ ഉണ്ടായി ; കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 10,113.54 കോടി രൂപ.

(ബി) 2001 ജനുവരി 31 ലെ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) 10,170.35 കോടി രൂപ (പ്രതീക്ഷിത വരുമാനം) കൃത്യമായ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമല്ല.

(എഫ്) അക്കൗണ്ടന്റ് ജനറലിൽ നിന്നും ഇത് സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടില്ല.

സംസ്ഥാനത്ത് വിദേശകമ്പനികളുടെ നെറ്റ് വർക്ക് മാർക്കറ്റിംഗ്

129 (397) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനാകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ കമ്പനികളും ഏജൻസികളും വിദേശ കമ്പനികളുടെ സ്വദേശ ഏജൻസികളും വിവിധ ഉപഭോഗവസ്തുക്കളുടെയും വെബ്സൈറ്റുകളുടേയും നെറ്റ് വർക്ക് മാർക്കറ്റിംഗ് നടത്തി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള നെറ്റ് വർക്ക് മാർക്കറ്റിംഗ് നിയമവിധേയമാണോ എന്ന് വ്യക്തമാക്കുമോ ; അല്ലെങ്കിൽ ഏതൊക്കെ നിയമപ്രകാരമാണ് നെറ്റ് വർക്ക് മാർക്കറ്റിംഗ് കുറ്റകരമാകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കേതിക നടപടിക്രമത്തിന് നെറ്റ് വർക്കിംഗ് എന്ന് പറയാറുണ്ടെങ്കിലും നെറ്റ് വർക്ക് മാർക്കറ്റിംഗും വിവരസാങ്കേതിക വിദ്യയുമായി പരിമിതമായ ബന്ധമേ ഉള്ളൂ. ഉപഭോഗ വസ്തുക്കൾ വില കുറച്ചു വാങ്ങുന്നതിന് വ്യക്തികളുടെ ശൃംഖല രൂപീകരിക്കുകയും ഇതിലെ ഓരോ വ്യക്തിയും വസ്തുക്കൾ വാങ്ങുമ്പോൾ ആ വ്യക്തിയെ ശൃംഖലയിൽ ഉൾപ്പെടുത്തിയ വ്യക്തികൾക്ക് കമ്മീഷൻ ലഭ്യമാകുകയും ചെയ്യുന്ന പ്രവണതയാണ് നെറ്റ് വർക്ക് മാർക്കറ്റിംഗ്. വളരെ അടുത്ത കാലത്തായി ഇത്തരം ശൃംഖലകളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് വ്യക്തിപരമായ വെബ്സൈറ്റുകൾ രൂപീകരിച്ചു നൽകുകയും ചെയ്തുവരുന്നുണ്ട്. ഇന്റർനെറ്റ് അധിഷ്ഠിതമായി കൊടുക്കൽ വാങ്ങലുകൾ നടത്തുകയും അതിന്റെ തുക ഇന്റർനെറ്റ് വഴി നൽകുന്നത്(കൂടുതലും ക്രഡിറ്റ് കാർഡ് വഴിയും ചില അവസരങ്ങളിൽ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ കുറവു വരുത്തുകയും ചെയ്ത്) നിയമപരമാക്കാൻ ഇൻഡ്യാ ഗവൺമെന്റ് ഐ.റ്റി. ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ നിയന്ത്രണ ഏജൻസികൾ രൂപീകരണഘട്ടത്തിലാണ്.

റവന്യൂ കമ്മി

130 (399) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും റവന്യൂ കമ്മി എത്ര വീതമായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്തു തുക വീതം വായ്പയെടുത്തിട്ടുണ്ട് ;

(സി) ഇപ്പോൾ സംസ്ഥാനത്തിന്റെ ഒട്ടാകെ കടം എത്രയാണ് ;

(ഡി) സംസ്ഥാന ട്രഷറിയിൽ പബ്ലിക് അക്കൗണ്ടിൽ ഉള്ള നിക്ഷേപം തിരിച്ചുകൊടുക്കേണ്ടതുണ്ടോ ;

(ഇ) എങ്കിൽ ആ തുക സംസ്ഥാനത്തിന്റെ മൊത്തം കടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇപ്പോൾ സംസ്ഥാന ട്രഷറികളിൽ പബ്ലിക് അക്കൗണ്ടിലുള്ള നിക്ഷേപം എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly